**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1533** **01-02-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിയുടെ ഭാഗമായി റവന്യൂ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; സ്ഥലം ഏറ്റെടുക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കുമോ? | (എ) | തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള 77.7 കി മീ ദൂരം ദേശീയപാത-866 ന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി 28/10/2022 ൽ 3എ വിജ്ഞാപനം എസ്.ഒ 5565 ആയി കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും 11 വില്ലേജുകളിലെ 100 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 3(ഡി) വിജ്ഞാപനം പ്രസിദ്ധീകരിച്ച് അവാർഡ് എൻക്വയറി നടത്തി രേഖകൾ ഭൂ ഉടമകളിൽ നിന്നും വാങ്ങി സ്പെഷ്യൽ തഹസിൽദാർ ആഫീസിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്.<br><br>Main Carriage Way (45 m)-ക്ക് ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുകയുടെ 50% ഷെയർ ചെയ്യുക, സംസ്ഥാന ജിഎസ്ടിയും റോയൽറ്റിയും ഒഴിവാക്കുക എന്നീ വ്യവസ്ഥയ്ക്ക് വിധേയമായി ഭാരത്മാല പരിയോജനയുടെ കീഴിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിയ്ക്ക് MORTH അംഗീകാരം നല്കിയിട്ടുള്ളത്.<br><br>ആകെ ഭൂമി ഏറ്റെടുക്കേണ്ട 23 വില്ലേജുകളിൽ ബാക്കിയുള്ള 12 വില്ലേജുകളുടെ 3(ഡി) ഭൂമിരാശി പോർട്ടലിൽ അപ് ലോഡ് ചെയ്തുവെങ്കിലും 3(ഡി) പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ 3(എ) കാലാവധി 27/10/2023 ൽ റദ്ദായി പോയിട്ടുള്ളതുമാണ്.<br><br>ദേശീയപാതാ വിഭാഗം പ്രോജക്ട് അംഗീകരിച്ച് കത്ത് നൽകിയാൽ വീണ്ടും 3(എ) വിജ്ഞാപനം ഭൂമിരാശി പോർട്ടലിൽ അപ് ലോഡ് ചെയ്ത് കേന്ദ്രഗസറ്റിൽ പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിച്ച് 3(സി) വിചാരണ നടത്തി വീണ്ടും 3 (ഡി) ഭൂമി രാശി പോർട്ടലിൽ അപ് ലോഡ് ചെയ്ത് ദേശീയപാതാ വിഭാഗം അംഗീകരിച്ച് കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ശേഷം 3(ജി) പ്രാദേശിക |

| | | | |
|---|---|---|---|
| | | | പത്രങ്ങളിൽ പ്രസിദ്ധീകരിച്ച് ഭൂ ഉടമകളിൽ നിന്നും അവാർഡ് തയ്യാറാക്കുന്നതിനുവേണ്ടി ഭൂമിയുടെ രേഖകൾ ലഭ്യമാക്കി അവാർഡ് പാസാക്കേണ്ടതുണ്ട്. അതിനുശേഷം 3(ഇ) നോട്ടീസ് ഭൂ ഉടമയ്ക്ക് നൽകി ഭൂമി ഏറ്റെടുത്ത് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ